KOLLAMCITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/06/ 2019

# പൂവാലശല്യം - സിറ്റി പോലീസ് പരിശോധന നടത്തി

കൊല്ലം സിറ്റി പോലീസ് പൂവാലൻമാരെ പിടികൂടുന്നതിനായി ശക്തമായ പരിശോധന നടത്തി.എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും നടത്തിയ പരിശോധനയിൽ നിരവധി പൂവാലൻമാർ കുടുങ്ങി. അധ്യയന വർഷം



ആരംഭിച്ചതോടുകൂടി സ്ക്കൂൾ-കോളജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പെൺകുട്ടി കളെ ശല്യം ചെയ്യുന്ന സംഘങ്ങളെ സംബ ന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ മെറിൻ ജോസഫ് ഐ.പി.എസ് കർശന പരിശോധനകൾക്ക് നിർദേശം നൽകിയത്. ദിവസം മുഴുവൻ നടത്തിയ പരിശോധനയിൽ കൊല്ലം ഈസ്റ്റ്, ശക്തികുളങ്ങര, ഇരവിപുരം, കിളികൊല്ലൂർ, തെക്കുഭാഗം സ്റ്റേഷൻ പരിധികളിൽ നിന്നും പെൺകുട്ടികളെ ശല്യം ചെയ്തതിന് 12 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. കൂടാതെ പൊതുസ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ശല്യമായ 90-ഓളം പേർക്കെതിരെ പിഴ ചുമത്തി. പിങ്ക് പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയും കൂടുതൽ മഫ്തി പോലീ സിനെ നിയോഗിച്ചും തുടർന്നുള്ള ദിവസങ്ങളിലും പെൺകുട്ടികളെ ശല്യം ചെയ്യുന്നവർക്കെതിരെ ശക്തമായ പരിശോധനകൾ തുടരുമെന്നും സിറ്റി പോലീസ് കമ്മീഷണർ മെറിൻ ജോസഫ് ഐ.പി.എസ് അറിയിച്ചു